പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5757

05.7.2013- ൽ മറുപടിക്ക്

## ഫോം മാറ്റിംഗ്സ് എം.ഡി.യ്ക്കെതിരെ അഴിമതിയാരോപണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ<br>,, എ.എം.ആരിഫ്<br>,, കെ.ദാസൻ<br>,, വി.ചെന്താമരാക്ഷൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഫോം മാറ്റിംഗ്സിനായി മെഷീൻ വാങ്ങിയതുമായി ബന്ധപ്പെട്ട് അഴിമതിയാരോപണം ഉയർന്നിട്ടുള്ളതായി അറിയാമോ ; | (എ) ഫോം മാറ്റിംഗ്സിൽ മെഷീൻ വാങ്ങിയതുമായി ബന്ധപ്പെട്ട് അഴിമതി ആരോപണം ഉയർന്ന് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇതുമായി ബന്ധപ്പെട്ട സ്ഥാപനത്തിന്റെ എം.ഡി.ക്കെതിരായ ആരോപണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എം.ഡി.ക്കെതിരായ ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഇദ്ദേഹം ഇപ്പോൾ ആ പദവിയിൽ തുടരുന്നുണ്ടോ; | സി) ശ്രീ. മുഞ്ഞിനാട്ട് രാമചന്ദ്രൻ ഇപ്പോൾ എം.ഡി. യായി തുടരുന്നു. |
| ഡി) ഈ പദവിയിൽ എത്തിയശേഷം അദ്ദേഹം എത്ര വിദേശ യാത്രകൾ നടത്തിയിട്ടുണ്ട്; എവിടെയെല്ലാം; യാത്രയുടെ ഉദ്ദേശ്യം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; | ഡി) ആലപ്പുഴ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിലെ നിലവിലെ മാനേജിംഗ് ഡയറക്ടർ വിദേശരാജ്യങ്ങളായ ജർമനി, ഹോംകോങ്, ബ്രസീൽ, ജപ്പാൻ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ നടന്ന ഫെയറുകളിൽ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത യാത്രകൾ മൂലം ഫോം മാറ്റിംഗ്സിന് വിദേശമാർക്കറ്റിൽ ഫോമിൽ ബ്രാൻഡ് സജീവമാക്കുവാനും അതുവഴി ധാരാളം വിദേശ ഓർഡറുകൾ നേടിയെടുക്കുവാനും സാധിച്ചിട്ടുണ്ട്. |
| ഇ) ഈ യാത്രയുടെ ഫലമായി വിദേശരാജ്യങ്ങളിലേക്കുള്ള കയർ കയറ്റുമതിക്ക് ഓർഡർ ലഭിക്കുകയുണ്ടായോ; എങ്കിൽ എത്ര തുകയ്ക്കുള്ള ഓർഡറാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ ? | ഇ) ടി യാത്രകൾ മൂലം ഏകദേശം 69.15 ലക്ഷം രൂപയുടെ വിദേശ ഓർഡറുകൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ